(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) റോഡുകൾ

1 (1369) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് (RIDF) ഫണ്ടിൽനിന്നും റോഡുകൾക്കും മറ്റും എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ല/നിയോജകമണ്ഡലം തിരിച്ച്, എത്ര തുകകൾ ഏതൊക്കെ റോഡുകൾക്ക് നൽകിയെന്ന് വിശദമാക്കാമോ ;

(സി) പുതിയതായി ഇനിയും ഏതൊക്കെ റോഡുകൾക്ക് എത്രവീതം തുക അനുവദിക്കാൻ ബാക്കിയുണ്ട് എന്ന് ജില്ലതിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) അനുബന്ധം 3 ആയി ചേർക്കുന്നു.*

തൃശ്ശൂർ ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതി

2 (1370) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിൽ ഭരണാനുമതി നൽകിയ റോഡ് നിർമ്മാണ പദ്ധതികളുടെയും അവയിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതുമായ പദ്ധതികളുടെയും വിശദാംശങ്ങൾ പ്രത്യേകം ലഭ്യമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014-15 വർഷം ഭരണാനുമതിക്കായി സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 415 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് :

ജില്ല	എണ്ണം
ആലപ്പുഴ	26
എറണാകുളം	27
ഇടുക്കി	42
കണ്ണൂർ	28
കാസർഗോഡ്	30
കൊല്ലം	29
കോട്ടയം	19
കോഴിക്കോട്	23
മലപ്പുറം	40
പത്തനംതിട്ട	44
പാലക്കാട്	24
തിരുവനന്തപുരം	38
തൃശ്ശൂർ	38
വയനാട്	7
ആകെ	415

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly